കവർസ്റ്റോറി

◆

സ്വദ്റുദ്ദീൻ വാഴക്കാട്

# ജന്നാത്തുൽ ഫിർദൗസും സിനിമാറ്റിക് ഡാൻസും

*ഹജ്ജിന്റെ രാവിൽ ഞാൻ കഅ്ബം കിനാവ് കണ്ട്*
*ശജറത്ത് പൂത്ത സുബർക്കത്തിൻ വാതില് കണ്ട്*
*ജന്നാത്തുൽ ഫിർദൗസിൽ ചേരാൻ എനിക്കു മോഹം*
*ഹൗദുൽ കൗസർ കുടിക്കുവാനെനിക്കു ദാഹം...*

തേനൂറും വരികൾ ആധുനിക സംഗീതത്തിന്റെ അകമ്പടിയോടെ ഒഴുകിയെത്തുമ്പോൾ ടി.വി സ്ക്രീനിൽ സുന്ദരിയായ യുവതിയുടെ അശ്ലീലച്ചുവയുള്ള സിനിമാറ്റിക് ഡാൻസിന്റെ ദൃശ്യങ്ങൾ തെളിയുന്നു. സ്വർഗത്തിലൂടെ സ്വപ്നാടനം നടത്തുന്ന യുവതി മുത്തുറസൂലിനെയും സുലൈമാൻ, ഈസാ, മൂസാ, ഇസ്മാഈൽ നബിമാരെയും ബിലാലിനെയും ഹാജറ, സുലൈഖ, ആസിയ ബിവിമാരെയും കണ്ട കഥ പറയുമ്പോൾ ഇരുന്നും കിടന്നും തട്ടമഴിച്ച് തുള്ളിച്ചാടിയും ഡാൻസ് ദ്രുതതാളത്തിലാകുന്നു. 'ഹൗദുൽ കൗസർ...' എന്നാവർത്തിച്ചു പാടി അവൾ രംഗം വിടുന്നു. 'ഹജ്ജിന്റെ രാവിൽ' എന്നു തുടങ്ങുന്ന ഗാനത്തിന്റെ ദൃശ്യാവിഷ്കാരത്തെ കുറിച്ചാണ് പറഞ്ഞുവരുന്നത്. കൂണുപോലെ മുളച്ചുപൊന്തി വിപണിയും പ്രേക്ഷകമനസ്സും കീഴടക്കി മുന്നേറുന്ന പരശ്ശതം മാപ്പിളപ്പാട്ട് ആൽബങ്ങളിലൊന്നിലാണ് ഈ ഗാനരംഗമുള്ളത്. ദൃശ്യാവിഷ്കാരം കണ്ടുതീരുമ്പോൾ മനസ്സിലുയരുന്ന ചോദ്യം, ജന്നാത്തുൽ ഫിർദൗസും സിനിമാറ്റിക് ഡാൻസും തമ്മിലെന്താണു ബന്ധമെന്നാണ്!

കാഴ്ചയുടെ കാലമാണ് നമ്മുടേത്. ദൃശ്യമാധ്യമങ്ങൾ സമൂഹമനസ്സിൽ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ടി.വി ചാനലുകൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ വീഡിയോകൾ തുടങ്ങിയവ കാഴ്ചയുടെ അനന്ത സാധ്യതകൾ തുറന്നിട്ടിരിക്കുന്നു. കാഴ്ച വലിയൊരു കച്ചവടമാണെന്ന് തിരിച്ചറിഞ്ഞവർ യഥേഷ്ടം മുതൽമുടക്കി പണം വാരുന്നു. മതവും സംസ്കാരവും ആൺ-പെൺ ഉടലുകളും, കണ്ണീരും മുലപ്പാലും വരെ കാഴ്ചവിപണിയിൽ ഉൽപന്നങ്ങളായി മാർക്കറ്റ് ചെയ്യപ്പെടുകയാണിപ്പോൾ.

മാപ്പിളപ്പാട്ടുകളുടെ ഇപ്പോഴത്തെ മാർക്കറ്റ്‌വാല്യു ചർച്ചയാകുന്നത് ഈ പശ്ചാത്തലത്തിലാണ്. സുദീർഘമായ പാരമ്പര്യം, ആകർഷണീയമായ ആവിഷ്കാരം, മുസ്‌ലിം സമുദായത്തിന് അതിനോടുള്ള ആത്മബന്ധം, സമുദായങ്ങൾക്കതീതമായുള്ള ആസ്വാദകവൃന്ദം തുടങ്ങിയവ മാപ്പിളപ്പാട്ട് വിപണിയെ വിശാലമാക്കുന്നു. അല്ലാഹു, പ്രവാചകന്മാർ, വിശ്വാസം, ഭക്തി, മതചിഹ്നങ്ങൾ തുടങ്ങിയവ ചേരുവകളായി വരുന്നതുകൊണ്ട് ലഭിക്കുന്ന 'ആത്മീയടച്ച്' കച്ചവടത്തിന് കൊഴുപ്പേകുന്നു. അതുകൊണ്ടിപ്പോൾ, കേൾവിയിൽനിന്ന് കാഴ്ചയിലേക്ക് മാപ്പിളപ്പാട്ടുകൾ 'പുരോഗമിക്കുകയും' മാപ്പിള ആൽബങ്ങളുടെ ചാകര ശീതീകരിച്ച സീഡി കടകളിൽ മാത്രമല്ല ഓടകളുടെ തീരത്തെ തക്കാളിപ്പെട്ടികൾക്കു മുകളിലും കുമിഞ്ഞുകൂടുകയും ചെയ്യുന്നു. ദുർഗന്ധം കാരണം മൂക്കുപൊത്തി നടക്കേണ്ട നമ്മുടെ തെരുവുകളിൽ വെച്ച് വിൽക്കാൻ എന്തുകൊണ്ടും അനുയോജ്യമാണ് ഇപ്പോഴത്തെ മാപ്പിളപ്പാട്ട് ആൽബങ്ങൾ.

'മ' വാരികകൾ എന്നറിയപ്പെട്ട മസാല പ്രസിദ്ധീകരണങ്ങളുടെ കേന്ദ്രമായാണ് ഒരുകാലത്ത് കോട്ടയം നമ്മുടെ സാംസ്കാരിക ഭൂപടത്തിൽ ഇടം കണ്ടെത്തിയത്. സമാന സ്വഭാവത്തിൽ 'മസാല സി.ഡികൾ' എന്നു വിളിക്കേണ്ട മാപ്പിള ആൽബങ്ങളുടെ ഞെളിയൻപറമ്പായി ഇപ്പോൾ മലബാർ മാറിയിരിക്കുന്നു. മാപ്പിള ആൽബങ്ങൾക്ക് അക്ഷരത്തിലും ആശയത്തിലും യോജിച്ച ചുരുക്കപ്പേരാണ് 'മ ആൽബങ്ങൾ'. സമൂഹത്തിൽ ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന സാംസ്കാരിക മലിനീകരണമാണ് 'മ ആൽബങ്ങൾ' സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. 'ഇന്ന് മാപ്പിളപ്പാട്ടുകളില്ല. ഉള്ളത് മാപ്പിളപ്പൊലാട്ടുകളാണ്. അവക്ക് ചരിത്രമോ സൗന്ദര്യമോ ഇല്ല' എന്ന് പ്രശസ്ത മാപ്പിളപ്പാട്ട് ഗവേഷകൻ ബാലകൃഷ്ണൻ വള്ളിക്കുന്ന് പറഞ്ഞത് ശ്രദ്ധേയമാണ്.

മുഖ്യമായും സന്ദേശപ്രധാനവും ഒരു പരിധിവരെ സംഗീതപ്രധാനവുമായിരുന്ന മാപ്പിളപ്പാട്ടുകൾ ആൽബങ്ങളിലേക്ക് 'വളർന്നപ്പോൾ' കമ്പോളപ്രധാനവും പെൺ ശരീരകേന്ദ്രീകൃതവുമായി അധഃപതിച്ചിരിക്കുന്നു. തരംതാണ ആസ്വാദനത്തിനപ്പുറം, ആശയപരിസരമോ ആദർശതലമോ സാംസ്കാരികാംശമോ ഒന്നും അവയെ തൊട്ടുതീണ്ടിയിട്ടില്ല. സദാചാര രാഹിത്യത്തിലേക്കും സാംസ്കാരിക ജീർണതയിലേക്കുമാണവ പ്രേക്ഷകരെ നയിക്കുന്നത്. മസ്തിഷ്കത്തോടോ മനസ്സുകളോടോ അല്ല, ഞരമ്പുകളോടാണവ സംവദിക്കുന്നത്.

ദൈവഭക്തി, ഇസ്‌ലാമിക ചരിത്രം, അധിനിവേശവിരുദ്ധത, സാധാരണക്കാരന്റെ ജീവിത യാഥാർഥ്യങ്ങൾ തുടങ്ങിവയായിരുന്നു മാപ്പിളപ്പാട്ടുകളുടെ പ്രധാന ഉള്ളടക്കം. അതാണ് മാപ്പിളപ്പാട്ടിന്റെ തനിമയും സൗന്ദര്യവും. 'പടപ്പാട്ടുകൾ' എന്നറിയപ്പെടുന്ന ഗാനങ്ങളിൽ മിക്കവയും രചിക്കപ്പെട്ടതുതന്നെ മാപ്പിളമാരെ സാമ്രാജ്യത്വവിരുദ്ധ സമരത്തിന് പടക്കളത്തിലിറക്കാൻ വേണ്ടിയായിരുന്നു. ആ നിലക്ക് സമൂഹത്തെ ക്രിയാത്മകമായി ഉത്തേജിപ്പിക്കാനും ചരിത്രബോധമുള്ളവരും പോരാളികളുമാക്കാനുമുള്ള കരുത്ത് മാപ്പിളപ്പാട്ടുകൾക്കുണ്ടായിരുന്നു.

ഉടൽ കേന്ദ്രീകൃതമായ കാമമാണ് ഇന്ന് 'മ ആൽബങ്ങളു'ടെ മുഖ്യ പ്രമേയം. അവയിൽ ചിത്രീകരിച്ചിരിക്കുന്ന, ആണും പെണ്ണും ചേർന്ന കൂത്താട്ടങ്ങൾ ഹിന്ദി-തമിഴ് സിനിമകളിലെ അശ്ലീല ഗാനരംഗങ്ങളെ വെല്ലുന്നവയാണ്. ആൽബങ്ങൾക്കും, നായികാ-നായകന്മാർക്കും അറബി പേരുകൾ നൽകി 'സാമുദായികത' കാത്തു സൂക്ഷിക്കാൻ സംവിധായകർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പ്രവാചക കീർത്തനങ്ങൾ, സ്വഹാബിവനിതകളെക്കുറിച്ച പുകഴ്ത്തലുകൾ, മക്ക-മദീന പുണ്യഗേഹങ്ങളെയും ഇസ്‌ലാമിക ചിഹ്നങ്ങളെയും കുറിച്ച വർണനകൾ തുടങ്ങിയവ മേമ്പൊടിയായി ചേർക്കപ്പെടുന്നതോടെ 'മാപ്പിള' മനസ്സ് കോൾമയിർ കൊള്ളുന്നു, ദീനുൽ ഇസ്‌ലാം മഹത്തായ മ ആൽബങ്ങളിൽ സുരക്ഷിതം! മുസ്‌ലിം സ്ത്രീനാമങ്ങൾ ടൈറ്റിലിലുൾപ്പെടുത്തിയും വരികളിൽ കുത്തി

നിറച്ചും തട്ടമിട്ട സുന്ദരിയുടെ പടം പ്രിന്റ് ചെയ്തുമാണ് മിക്ക മ ആൽബങ്ങളും വിപണിയിലെത്തുന്നത്.

അറബിപ്പേരുകളും മതചിഹ്നങ്ങളും കാണുന്നതോടെ ആൽബങ്ങൾ വില കൊടുത്തു വാങ്ങി കുടുംബസമേതം കണ്ടാസ്വദിച്ചും ഷോക്കേസുകളിൽ പ്രദർശിപ്പിച്ചും സമുദായം ഇസ്സത്ത് കാക്കുന്നു. സമുദായം നല്ലൊരു ഉപഭോക്തൃ വിഭാഗമാണെന്നത് ഇത്തരം കച്ചവടക്കാർക്ക് അനുകൂല ഘടകമാണ്. മാർക്കറ്റിൽ കാണുന്നതെന്തും അവർ വാങ്ങി വിജയിപ്പിക്കും. ഓരോ വീട്ടിലും ഇത്തരം ധാരാളം മ ആൽബങ്ങളുണ്ടാകും. വീടുകളിൽ വ്യാപകമായ ടി.വിയും വി.സി.ഡിയും കമ്പ്യൂട്ടറും ആൽബങ്ങളെ വീടുകളിലെ സ്ഥിരം നേരംപോക്കാക്കി മാറ്റി. ഭർതൃവിരഹത്താൽ വിതുമ്പുന്നവരുടെ മനോവേദനക്കുള്ള ശമനൗഷധമായും, നിയന്ത്രിക്കാൻ പിതാക്കൾ സ്വദേശത്തില്ലാത്ത കുട്ടികൾക്ക് യഥേഷ്ടം ആസ്വദിക്കാവുന്നതായും ഇത്തരം ആൽബങ്ങൾ മാറി. ഗൾഫിൽനിന്ന് കൊണ്ടുവരുന്നതും അയച്ചുകൊടുക്കുന്നതുമായ സമ്മാനങ്ങളിലും ഇപ്പോൾ മ ആൽബങ്ങളുണ്ട്. അങ്ങനെ നമ്മുടെ വീടുകൾ മ ആൽബങ്ങളുൾപ്പെടെയുള്ള തരാതരം സി.ഡികൾ പ്രദർശിപ്പിക്കുന്ന ഹോം തിയേറ്ററുകളായി മാറിയിരിക്കുന്നു. വീടുകളിൽ മാത്രമല്ല, ഹോട്ടലുകൾ, ബാർബർ ഷോപ്പുകൾ, ക്ലബ്ബുകൾ, ബസ്സുകൾ, ബസ്സ്റ്റാന്റുകൾ തുടങ്ങിയ നാലാൾ കൂടുന്നിടത്തൊക്കെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ടി.വികളിൽ ഇവ തിമിർത്താടുന്നതു കാണാം. പ്രാദേശിക ചാനലുകളിലെ പ്രധാന വിഭവവും മ ആൽബങ്ങളിൽനിന്നുള്ള ഗാനങ്ങളാണ്. ഓട്ടോറിക്ഷകളിലെ സൗണ്ട് ബോക്സുകളിൽനിന്ന് ഉഗ്രശബ്ദത്തിൽ ഇന്ന് മ ആൽബങ്ങളിലെ വരികൾ കേൾക്കാം, നാളെ ഓട്ടോറിക്ഷ വീഡിയോ കോച്ച് ആകുന്നതോടെ ആൽബങ്ങൾ കാണാം! ഓട്ടോകളിൽ പെൺകുട്ടികൾ കയറുമ്പോൾ മാത്രം കേൾപ്പിക്കാൻ വിവിധ ആൽബങ്ങളിൽനിന്ന് തെരഞ്ഞെടുത്ത സ്പെഷ്യൽ ഗാനങ്ങളടങ്ങിയ 'മിക്സഡ്' ഐറ്റവുമുണ്ടെന്നാണ് കേൾവി.

വിദ്യാർഥികളുടെയും യുവജനങ്ങളുടെയും ഹരമായി മ ആൽബങ്ങൾ ഇതിനകം മാറിക്കഴിഞ്ഞു. അഞ്ചും ആറും വയസ്സായ പിഞ്ചു മക്കളുടെ നാവിൻതുമ്പിലും ഇപ്പോൾ അശ്ലീല വരികൾ ഒഴുകിത്തുടങ്ങിയിരിക്കുന്നു. രക്ഷിതാക്കൾ, വിശേഷിച്ച് മാതാക്കൾ പിഞ്ചുമക്കളെ ഇത്തരം വൃത്തികെട്ട ഗാനങ്ങൾ ചൊല്ലിപ്പഠിപ്പിക്കുന്നതും, നാലാൾക്ക് മുമ്പിൽ പാടിപ്പിക്കുന്നതും തെല്ലഭിമാനത്തോടെയാണ്. പക്ഷേ, ഇവരറിയുന്നില്ല പുതിയ തലമുറ വാരിപ്പുണരുന്ന മാലിന്യത്തിന്റെ ദുർഗന്ധമെത്രയാണെന്ന്, ദുരന്തങ്ങൾ എന്തായിരിക്കുമെന്ന്!

## അപമാനിക്കപ്പെടുന്ന മഹാത്മാക്കൾ

അല്ലാഹു നൽകിയ അമാനുഷിക ദൃഷ്ടാന്തങ്ങളുമായി ആഗതരായ പ്രവാചകന്മാരെ സിനിമാറ്റിക് ഡാൻസിന്റെ അകമ്പടിയോടെയാണ് മ ആൽബങ്ങൾ അവതരിപ്പിക്കുന്നത്. പ്രവാചകകീർത്തനങ്ങൾക്ക് നിതംബവും മാറിടവും കുലുക്കി സീരിയൽ നടികൾ ദൃശ്യചാരുത പകരുമ്പോൾ വിശുദ്ധ അമ്പിയാക്കൾ നാലാം കിട വഷളൻ കാമുകരായി അപമാനിക്കപ്പെടുന്നു. സംസ്കാരവും സദാചാരവും പഠിപ്പിച്ച, മഹോന്നത ജീവിതമാതൃകകൾ സമർപ്പിച്ച പ്രവാചകന്മാരെയും അനുചരന്മാരെയും അവഹേളിക്കുകയും നിന്ദിക്കുകയുമാണ് മ ആൽബങ്ങൾ. "തൊട്ടിലിൽ കിടന്ന് സംസാരിച്ച, അത്ഭുതങ്ങൾ കാണിച്ച പൈതൽ, മാറാവ്യാധികൾ മാറ്റിയ പ്രവാചകൻ, അമാനുഷിക ശക്തി പ്രകടിപ്പിച്ച് അത്ഭുതങ്ങൾ കാട്ടിയ ഈസാ നബിയെക്കുറിച്ച് വിവരിക്കപ്പെടുന്ന അടുത്ത ഗാനത്തിന് 'ഇന്ദു' ദൃശ്യഭംഗി പകരുന്നു" എന്ന്, ഒരു ആൽബത്തിലെ അവതാരകയുടെ കിളിശബ്ദം അവസാനിക്കുമ്പോൾ ക്യാമറ പ്രകൃതിദൃശ്യങ്ങളിലേക്കും പിന്നെ ഇന്ദുവിന്റെ മേനിയഴകിലേക്കുമാണ് പ്രേക്ഷകനെ കൂട്ടിക്കൊണ്ടുപോകുന്നത്. 'മർയമിൻ പുന്നാരപൂവേ മഹിതരാം ഈസാ മസീഹേ' എന്ന് ഗായിക നീട്ടി പാടുമ്പോൾ ജ്വല്ലറി പരസ്യത്തിലെന്നവണ്ണം സ്വർണാഭരണ വിഭൂഷിതയായി 'ഇന്ദു' സ്ക്രീനിൽ നിറയുന്നു. നായിക പാടുകയോ ചുണ്ടുകൾ ചലിപ്പിക്കുക പോലുമോ ചെയ്യുന്നില്ല. ഈസായായി(?) അഭിനയിക്കുക മാത്രം! ഗാനവും ദൃശ്യവും തമ്മിലെന്തു ബന്ധം? ഈസാ നബി പെണ്ണായതെന്നാണാവോ?

"മണിമക്കത്തുദിത്തത് ഖമറല്ല എന്നു തുടങ്ങുന്ന ഭക്തിസാന്ദ്രമായ ഒരു ഗാനത്തിന്റെ ദൃശ്യാവിഷ്കാരമാണ് അടുത്തത്. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മഹത്വം മനുഷ്യമനസ്സിലേക്ക് വാരിച്ചൊരിഞ്ഞ അന്ത്യപ്രവാചകനെക്കുറിച്ച് കവി വാചാലനാകുമ്പോൾ, സഹൃദയമനസ്സ് ആ മഹാനുഭാവൻ പകർന്നു നൽകിയ വെളിച്ചത്തിന്റെ വ്യാപ്തി അറിയുന്നു." ഒരു മതപ്രഭാഷകന്റെ സ്വരത്തിൽ നബിമഹത്വം വിശദീകരിച്ച അവതാരകയുടെ വാക്കുകൾ തീരുമ്പോൾ തലയിലെ ഷാൾ വലിച്ചെറിഞ്ഞ്, അശ്ലീല ഭാവത്തിൽ ആഭാസനൃത്തം ചവിട്ടി മുഹമ്മദ് നബിയുടെ മഹത്വം പറയുന്നു മിനിസ്ക്രീൻ നടി!

നബിമകളും അലിപത്നിയുമായ ഫാത്വിമ ബീവിയെക്കുറിച്ച് എഴുതപ്പെട്ട ഒരു ഗാനം വല്ലാതെ പ്രചാരം നേടുകയും വിവാദമാവുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഗാനത്തിലെ വരികളും, അതിന്റെ ദൃശ്യാവിഷ്കാരവും കണ്ടാൽ, 'മിസ് വേൾഡോ' 'മിസ് അറേബ്യയോ' ആയിരുന്നു ഫാത്വിമാ ബീവിയെന്നാണ് പ്രേക്ഷകർ ധരിക്കുക. 'പാരിലെ നാരിമാർക്കാകയിൽ മാതൃക' എന്നു പാടുമ്പോൾ വസ്ത്രമുയർത്തി മൈലാഞ്ചിയിട്ട കണങ്കാൽ മാലോകരെ കാണിക്കുകയാണ് ആൽബത്തിലെ ഫാത്വിമ!

ആഇശാ ബീവിയെ കന്യകയാക്കി വർണിക്കുന്നു മറ്റൊരു ഗാനത്തിൽ– 'മഹതിയാൾ ആഇശ ബീവി തൻ മാതൃക, മഹിതരിൽ സ്നേഹമായ് മാറിയ കന്യക'. ആഇശ മാതൃകാ മഹതിയാകുന്നത് നബി(സ)യുടെ പത്നിയാകുന്നതോടെയാണ്. ദാമ്പത്യജീവിതം നയിക്കുന്ന സ്ത്രീ എങ്ങനെയാണ് 'കന്യക'യാകുന്നത്?

പ്രവാചകന്മാരെയും അനുചരന്മാരെയും ഇസ്ലാമിക ചരിത്രത്തിലെ മാതൃകാ വനിതകളെയും അപമാനിക്കുകയും നിന്ദിക്കുകയുമാണ് മ ആൽബങ്ങളിലേറെയും ചെയ്യുന്നത്. സൽമാൻ റുശ്ദിയും *ജില്ലാന്റ് പോസ്റ്റണും* ശത്രുത മറച്ചുവെക്കാതെയാണ് പ്രവാചകനിന്ദ നടത്തിയത്. പക്ഷേ, സമുദായത്തെ തലോടിയും 'മാപ്പിള'യുടെ പേരുപയോഗിച്ചുമാണ് മ ആൽബങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നവർ ഇസ്ലാമിനെ അവഹേളിക്കുന്നത്. പക്ഷേ, മുസ്ലിം സമുദായത്തിന് ഇതിനിയും മനസ്സിലായിട്ടില്ല. ഇത്തരം ആൽബങ്ങൾ കണ്ടും കേട്ടും വളരുന്നവരുടെ മനസ്സിൽ നാളെ പ്രവാചകന്മാരെക്കുറിച്ചും മറ്റുമുണ്ടാകുന്ന ചിത്രം എന്തായിരിക്കുമെന്നും ആരും ചിന്തിക്കുന്നില്ല.

മക്ക, മദീന, സ്വഫാ, മർവ, സംസം, നമസ്കാരം തുടങ്ങിയ ചിഹ്നങ്ങളും ആരാധനാ ചടങ്ങുകളുമൊക്കെ നിർലോഭം ആൽബങ്ങളിൽ കടന്നുവരുന്നുണ്ട്. പക്ഷേ പലതും വികൃതമായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അതിന് ഒരു പ്രധാന കാരണം ഇസ്ലാമിനെക്കുറിച്ച് സാമാന്യ പരിജ്ഞാനം പോലുമില്ലാത്തവരാണ് ഇവയുടെ സംവിധായകരും അഭിനേതാക്കളും എന്നതാണ്. നമസ്കാരത്തിന്റെ ചിത്രീകരണവും തൗബ ചെയ്തുകൊണ്ടുള്ള ഭക്തിഗാനവും ഉദാഹരണം. തെയ്യവും കഥകളിയും ഉത്സവങ്ങളുമൊക്കെ ടൂറിസ വ്യവസായത്തിന്റെ ഭാഗമാകുന്നപോലെ ഇസ്ലാമിലെ ആരാധനാ കർമങ്ങൾ മ ആൽബങ്ങളുടെ അസംസ്കൃത പദാർഥമായി മാറിയിരിക്കുന്നു. ഹൈന്ദവ ആചാരങ്ങളിൽ ചിലത് ആൽബങ്ങളിലെ 'നികാഹി'ൽ പ്രത്യക്ഷപ്പെടുന്നതും കാണാം. മ ആൽബ നിർമാണ

ങ്ങളിലൂടെ ഇസ്‌ലാമിലെ വിശുദ്ധ വ്യക്തിത്വങ്ങളെയും ചിഹ്നങ്ങളെയും അവഹേളിക്കുന്നതിനും ശുദ്ധ മാപ്പിളപ്പാട്ട് സാഹിത്യത്തെ അലങ്കോലപ്പെടുത്തുന്നതിനും ഇറങ്ങിത്തിരിച്ചവരിൽ ഈസ്റ്റ് കോസ്റ്റ് വിജയനും സംഘവുമാണ് മുൻപന്തിയിൽ. മുസ്‌ലിം പേരുള്ളവർ പാട്ടുകളെഴുതിയും സമുദായം കൈയയച്ച് വാങ്ങിയും ഇവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

## അശ്ലീലതയുടെ അതിപ്രസരം

അശ്ലീല വരികളും ലൈംഗികോത്തേജിത അഭിനയവും മിക്സ് ചെയ്ത മ ആൽബങ്ങൾക്ക് 'സോഫ്റ്റ് പോൺ സി.ഡികൾ' എന്ന മുദ്ര എന്തുകൊണ്ടും ചേരും. ഉദാത്ത ഭാവമുള്ള പ്രണയമല്ല, മാംസനിബദ്ധമായ കാമചേഷ്ടകളും ലൈംഗിക വർണനകളുമാണവയിൽ നിറയെ. ഈ വാക്കുകൾ ശ്രദ്ധിക്കുക: "പിരിശത്തിന്റെ ചൂടും വിരഹത്തിന്റെ നോവും. യുവ മിഥുനങ്ങളുടെ ഉറക്കം കെടുത്താൻ മറ്റെന്തു വേണമല്ലേ. ഇവിടെ കണ്ണുകൾ കണ്ണുകളോടും കാതുകൾ കാതുകളോടും ഖൽബുകൾ ഖൽബുകളോടും കിന്നാരം പറയുന്നത് നിങ്ങൾ കേൾക്കുന്നില്ലേ. ഇശലുകളുടെ മാസ്മരികതയിൽ ഇതൾ വിരിയുന്ന മനോഹരമായ ഒരു പ്രണയ ഗാനമാണ് ഗണേഷ് ദാസ് എന്ന പുതുമുഖ നടനും രമ്യയും ശാരികയുമടങ്ങുന്ന ആറ് നായികമാരും ചേർന്ന് ദൃശ്യോത്സവമാക്കുന്നത്." അവതാരകയുടെ വാക്കുകൾ തീരുമ്പോൾ ആറ് മിനിസ്ക്രീൻ നടികളും ഒരു നടനും ചേർന്നുള്ള കൂത്താട്ടമാണ് പ്രേക്ഷകന്റെ മുമ്പിൽ തെളിയുന്ന 'ദൃശ്യോത്സവം'. ആറു പെണ്ണുങ്ങൾ മാറി മാറി നടനം നടത്തുമ്പോൾ, അവർക്ക് പിറകെ പോകുന്ന നായകൻ 'മാപ്പിള സമുദായ'ത്തിലെ യുവജനത്തിന് നൽകുന്ന സന്ദേശമെന്താണ്? ഇവിടെ പകർത്തിയെഴുതാൻ പറ്റാത്തത്ര അശ്ലീലമാണ് ആൽബങ്ങളിലെ പല ഗാനങ്ങളും. ആൽബങ്ങളിലെ 90 ശതമാനം ചിത്രീകരണങ്ങളും സംസ്കാരവും സദാചാരബോധവുമുള്ളവർക്ക് കണ്ടിരിക്കാൻ കൊള്ളാത്തത്ര വൃത്തികെട്ടതാണ്. ചിത്രീകരണത്തിൽ ക്യാമറ ഫോക്കസ് ചെയ്യുന്നത് ശരീരത്തിലെ ചില പ്രത്യേക ഭാഗങ്ങളിലാണ്. ഹിന്ദി സിനിമയിലെ അശ്ലീല ഗാനരംഗത്തിന് ഏറെ ഫിറ്റാണ് മ ആൽബങ്ങളിലെ പല ഗാനങ്ങളും. ഒരു വിരുതൻ അത്തരമൊരു വികൃതിയും ഒപ്പിച്ചിട്ടുണ്ട്. അൽപവസ്ത്രധാരിണിയായ നായികയും മുഴുവസ്ത്രം ധരിച്ച നായകനും അഭിനയിച്ച ഒരു ഹിന്ദി സിനിമാ ഗാനരംഗത്തിൽനിന്ന്, അതിലെ പാട്ട് മാറ്റി പകരം ഒരു മാപ്പിള/പൈങ്കിളി പാട്ട് ഫിറ്റ് ചെയ്തിരിക്കുന്നു. ഈണത്തിലും താളത്തിലും ആശയത്തിലും പരസ്പരപൂരകം. യഥാർഥ ജീവിതത്തിൽ പ്രണയസാഫല്യം നേടിയ നവദമ്പതികളെ അഭിനയിപ്പിച്ച് പ്രണയ ഗാനങ്ങൾ ചിത്രീകരിച്ചുകൊണ്ട് മ ആൽബങ്ങൾക്ക് റിയാലിറ്റി നൽകാനും ചില സംവിധായകർ ശ്രമിച്ചിട്ടുണ്ട്. കാമുകിക്ക് പിന്നാലെ പോകുന്ന ഭർത്താവും ഭർതൃമതിയുടെ പിറകെ നടക്കുന്ന കാമുകനുമൊക്കെ ഹരം കൊള്ളിക്കുംവിധത്തിലാണ് ഇവയിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്.

സമൂഹത്തിന്റെ സാംസ്കാരിക ബോധത്തിൽ ആഴത്തിൽ മുറിവേൽപിക്കുകയും സദാചാര കാഴ്ചപ്പാടുകൾ കീഴ്മേൽ മറിക്കുകയും വഴിവിട്ട സ്ത്രീ പുരുഷബന്ധങ്ങൾക്ക് പ്രേരകമാവുകയും ചെയ്യുന്നു മ ആൽബങ്ങൾ. നിശ്ശബ്ദമായി, 'മാപ്പിള'പ്പേരിൽ നടക്കുന്ന ഈ മലിനീകരണത്തെ വേണ്ടത്ര ഗൗരവത്തോടെ കാണാൻ നമുക്ക് സാധിച്ചിട്ടില്ല. വിദ്യാർഥികളിലും യുവജനങ്ങളിലും ഇവ ചെലുത്തുന്ന ദുഃസ്വാധീനത്തിന്റെ പ്രകടരൂപങ്ങൾ സമൂഹ ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ കാണാനാവും. പെൺകുട്ടികളുടെ സൗന്ദര്യസങ്കൽപം, വസ്ത്രധാരണ രീതി, വിവാഹിതരാകാൻ പോകുന്ന യുവതീ-യുവാക്കൾക്ക് ഇണകളെക്കുറിച്ച കാഴ്ചപ്പാട്, വിവാഹിതർക്ക് ഇണകളോടുള്ള മനോഭാവം തുടങ്ങിയ വിഷയങ്ങളിലെല്ലാം മ. ആൽബങ്ങൾ കാര്യമായ ഇടപെടലുകൾ തന്നെ നടത്തുന്നുണ്ടെന്നത് യാഥാർഥ്യമാണ്.

സദാചാരബോധമുള്ള കുടുംബത്തിലെ അംഗങ്ങൾക്ക് ഒന്നിച്ചിരുന്ന് കാണാൻ പറ്റുന്നതല്ല മ ആൽബങ്ങളെങ്കിലും ഇന്നത് മുഴുവൻ കുടുംബസദസ്സുകളെയും കീഴ്പ്പെടുത്തിയിരിക്കുന്നു. വീടകങ്ങൾ ഇത്തരം ആഭാസങ്ങൾക്കുവേണ്ടി തുറന്നുവെച്ചപ്പോൾ സംസ്കാരത്തിന്റെ ആണിക്കല്ലായ ലജ്ജാബോധം അൽപാൽപമായി രംഗം വിടുകയും അവസാനം പൂർണമായി നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. സ്ത്രീകൾ ഒറ്റക്കാകുമ്പോൾ വിരഹദുഃഖം മാറ്റാൻ, കുട്ടികൾ വികൃതി കാണിക്കുമ്പോൾ 'ശല്യ'മൊഴിവാക്കാൻ, ഭാര്യാ-ഭർത്താക്കന്മാർ ഒന്നിച്ചിരിക്കുമ്പോൾ ആസ്വദിക്കാൻ, കുടുംബാംഗങ്ങൾ ഒരുമിച്ചു ചേരുമ്പോൾ ആഘോഷിക്കാൻ, മറ്റു പൊതുസ്ഥലങ്ങളിൽ ആളുകളെ ആകർഷിക്കാനും സമയം പോക്കാനും... അങ്ങനെ സമൂഹജീവിതത്തിന്റെ അനിവാര്യതയായി മ ആൽബങ്ങൾ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു.

കാഴ്ച ഒരു സംസ്കാരമാണെന്നും അതിന് അതിർവരമ്പുകളുണ്ടെന്നും സത്യവിശ്വാസികൾ മറക്കാൻ പാടില്ലാത്തതാണ്. അശ്ലീലതയോടുള്ള കർക്കശ സമീപനത്തിലൂടെ ഇസ്‌ലാം ആസ്വാദനത്തിന് കൂച്ചുവിലങ്ങിടുകയല്ല, മഹിതമൂല്യങ്ങളിൽ സമൂഹത്തെ നിർമിച്ചെടുക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നത്. അശ്ലീലതയുടെ പ്രദർശനവും പ്രചാരണവും ആസ്വാദനവും ഇസ്‌ലാം കർശനമായി വിലക്കിയിട്ടുണ്ട്. ഖുർആനും ഹദീസും പേർത്തും പേർത്തും അതേ കുറിച്ച് ഉദ്ബോധിപ്പിക്കുന്നത് കാണാം. നോട്ടം പിശാചിന്റെ അസ്ത്രമാണെന്ന നബിവചനം ഏറെ പ്രസക്തമാണ്. 'ഹിജാബ്' ഒരു വസ്ത്രധാരണരീതിക്കപ്പുറം സമൂഹത്തിന് മൊത്തം ബാധകമായ ഒരു സംസ്കാരവും അവബോധവുമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. അശ്ലീലതയെക്കുറിച്ച ഇസ്‌ലാമികാധ്യാപനങ്ങൾ എന്തുകൊണ്ട് നമ്മുടെ കാഴ്ചയെ നിയന്ത്രിക്കാതെ പോകുന്നു? 'മാപ്പിള' മലബാർ മുസ്‌ലിമിന്റെ അപരനാമമാണെങ്കിൽ മുസ്‌ലിമിലുണ്ടാകേണ്ട സംസ്കാരം 'മാപ്പിള'പ്പാട്ടിലുമുണ്ടാകേണ്ടതല്ലേ? ■